**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1521** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>ബീ കീപ്പിംഗ് കോഴ്സ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. ആർ. മഹേഷ് ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** കേരള ഖാദി ബോർഡ് നടത്തിയ ബീ കീപ്പിംഗ് കോഴ്സിന്റെ ദൈർഘ്യം എത്ര നാളാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 6 മാസം

**(ബി)** പ്രസ്തുത കോഴ്സിന്റെ കാലാവധി പൂർത്തിയാകുന്നതിന് മുമ്പ് വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ; എങ്കിൽ എന്തിന്റെ അടിസ്ഥാനത്തിലാണ് സർട്ടിഫിക്കറ്റ് വിതരണം ചെയ്തതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കോഴ്സ് പൂർത്തിയായതിന്റെ സർട്ടിഫിക്കറ്റ് അല്ല നൽകിയത് എന്നും 6 മാസത്തെ കോഴ്സിൽ 5 മാസം വിജയകരമായി പൂർത്തീകരിച്ചു എന്ന് കാണിച്ച്, വിദ്യാർത്ഥികൾക്ക് തൊഴിൽപരമായ ആവശ്യങ്ങൾക്ക് പ്രോത്സാഹനം എന്ന നിലയിലാണ് സർട്ടിഫിക്കറ്റ് നൽകിയത് എന്നും കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**(സി)** ഇത്തരത്തിൽ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെങ്കിൽ ആയത് റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** പ്രസ്തുത കോഴ്സ് പൂർത്തിയാകുന്നതിന് മുമ്പ് ഖാദി ബോർഡ് 01.09.2025 ന് നൽകിയ സർട്ടിഫിക്കറ്റ് വിജയകരമായ പരിശീലനം പൂർത്തിയാക്കിയ ശേഷം വിദ്യാർത്ഥികൾക്ക് നൽകിയതാണോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**